കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി നടത്തിപ്പു ചുമതല 2012 ഏപ്രിൽ മാസം 1-ാം തീയതി മുതൽ നഗരകാര്യ വകുപ്പിന് കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ (കൈ) നം.80/2012/തസ്വഭവ തീയതി, തിരുവനന്തപുരം 29.3.12

---

പരാമർശം : 1. സ.ഉ (കൈ) നം: 210/2010/തസ്വഭവ തീയതി 13.9.2010.
2. 27.12.2011 ന് ചേർന്ന സംസ്ഥാന തൊഴിലുറപ്പു കൗൺസിലിന്റെ യോഗ തീരുമാനം.
3. എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ 2/2/2012 ലെ 2561/**EGS Cell-5/12/CRD** നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം 1 ലെ ഉത്തരവ് പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ മാതൃകയിൽ നഗരപ്രദേശത്ത് നഗര തൊഴിലുറപ്പു പദ്ധതി "അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി എന്ന പേരിൽ" നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സംസ്ഥാനതല ചുമതല മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ ഡയറക്ടറിൽ നിക്ഷിപ്തമാണ്. എന്നാൽ പദ്ധതി നിർവ്വഹണം, സംസ്ഥാനതല ഏകോപനം, സംസ്ഥാന സർക്കാരിനു നയരൂപീകരണത്തിന് പിന്തുണ നൽകൽ, പദ്ധതി നിർവ്വഹണത്തിനാവശ്യമായ സംസ്ഥാന വിഹിതം യഥാസമയം അതത് നഗരസഭകൾക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കൽ, പദ്ധതി മേൽനോട്ടവും ദിശാഗതി നിയന്ത്രണവും വിലയിരുത്തലും പദ്ധതി നിർവ്വഹണത്തിനാവശ്യമായ ഔദ്യോഗിക സംവിധാനം ഓരോ തലത്തിലും ഉറപ്പാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കൽ, പദ്ധതി നടത്തിപ്പിന് വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് വെബ് ബെയ്സ്ഡ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം സ്ഥാപിക്കലും തുടർ നടത്തിപ്പും തുടങ്ങിയ ബൃഹത്തായ ചുമതലകൾ നിർവ്വഹിക്കുന്നതിനാവശ്യമായ ഉദ്യോഗസ്ഥ സംവിധാനം സംസ്ഥാന തലത്തിൽ ലഭ്യമാക്കിയിരുന്നില്ലെന്നും നിലവിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു മിഷനിലെ പ്രോഗ്രാം ഓഫീസർ (ഐ.ഇ.സി) അധിക ചുമതലയായാണ് ഈ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതെന്നും നഗരസഭാ തലത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും ഉത്തരവാദിത്വം നഗരസഭാ സെക്രട്ടറി/കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി എന്നിവർക്കാണെന്നും ഇവരുടെ ഭരണപരമായ നിയന്ത്രണം നഗരകാര്യ വകുപ്പിനാണെന്നും അതിനാൽ നഗര വികസന പരിപാടികൾ നടപ്പിലാക്കുന്നതിൽ വൈദഗ്ദ്ധ്യവും അനുഭവസമ്പത്തുമുള്ള നഗരകാര്യ വകുപ്പിന്, അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന്റെ പൂർണ്ണചുമതല 2012 ഏപ്രിൽ 1 മുതൽ കൈമാറുന്നതിന് നടപടി സ്വീകരിക്കണമെന്ന് മുകളിൽ രണ്ടാമതായി പരാമർശിച്ച സംസ്ഥാന തൊഴിലുറപ്പു കൗൺസിൽ

ശുപാർശയുടെ അടിസ്ഥാനത്തിൽ എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടർ, മുകളിൽ മൂന്നാമതായി പരാമർശിച്ച കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിയ്ക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി നഗരവികസന പരിപാടികൾ നടപ്പിലാക്കുന്നതിൽ വൈദഗ്ദ്ധ്യവും അനുഭവ സമ്പത്തുമുള്ള നഗരകാര്യ വകുപ്പിന് പദ്ധതി നടത്തിപ്പിന്റെ പൂർണ്ണ ചുമതല 2012-13 ധനകാര്യ വർഷം മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം കൈമാറി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

ഗ്രാമ വികസന കമ്മീഷണർ
മിഷൻ ഡയറക്ടർ, എൻ.ആർ.ഇ.ജി.എസ്
നഗരകാര്യ ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടർ
എല്ലാ കോർപ്പറേഷൻ മേയർ/സെക്രട്ടറിമാർക്കും
എല്ലാ മുനസിപ്പാലിറ്റി ചെയർമാൻ/ സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എല്ലാ പ്രോജക്ട് ഡയറക്ടർ/ ജോയിന്റ് പ്രോഗ്രാം കോ- ഓർഡിനേറ്റർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)
അക്കൗണ്ടന്റ് ജനറൽ (എ& ഇ)
സ്റ്റോക്ക് ഫയൽ/ കരുതൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ